## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1382 07/06/2018-ൽ മറുപടിയ്ക്ക്

### പട്ടാമ്പി മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| വിദ്യാഭ്യാസ വകുപ്പ് 2016-17, 2017-18 എന്നീ വർഷങ്ങളിൽ പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയതോ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതോ ആയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയനുസരിച്ച് നടുവട്ടം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനെ 5 കോടി രൂപ പദ്ധതിക്കും, ഗവ. എച്ച്.എസ്.എസ്, വാടാനാം കുറിശ്ശി, ഗവ. എച്ച്.എസ്.എസ്. കൊപ്പം, ഗവ. എച്ച്.എസ്.എസ്, പട്ടാമ്പി എന്നീ സ്കൂളുകളെ 3 കോടി രൂപ പദ്ധതിയ്ക്കും തെരെഞ്ഞെടുത്തിട്ടുണ്ട്. ഇവയിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ച സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള ടെൻഡർ നടപടികളും, ബാക്കിയുള്ളവ കിഫ്ബിയുടെ അംഗീകാരത്തിനുമായി നൽകിയിട്ടുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ ഒരു കോടിരൂപ പദ്ധതിയിലുൾപ്പെടുത്തി ഗവ. എൽ.പി.സ്കൂൾ, പട്ടാമ്പിക്ക് അടിസ്ഥാന സൗകര്യവികസനത്തിനായി ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>2016-17 സാമ്പത്തിക വർഷത്തിൽ നാല് ഗവ. ഹയർ സെക്കന്ററി സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി പട്ടാമ്പി നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് ഐ.ടി ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.<br><br>അതോടൊപ്പം 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പൊതു വിദ്യാഭ്യാസ വകുപ്പ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിയ എല്ലാ പദ്ധതികളിലും പട്ടാമ്പി നിയോജകമണ്ഡലത്തിലെ സ്കൂളുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |

Reena

സെക്ഷൻ ഓഫീസർ